141. [194] **Shri Stephen Padua** : Will the Minister for Agriculture be please to State :

(a) Total number of Students in the Agriculture College at present ;

(b) The number of Anglo-Indians among them ?

Answer

(a) 398 Nos.

(b) Nil.

തൃശ്ശൂരിലെ കോഴനിലങ്ങൾക്ക് പമ്പിംഗ് സബ്സിഡി

142. [195] ശ്രീ. കെ. പി. പ്രഭാകരൻ :
,, കാനം രജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോഴനിലങ്ങൾക്കും കുട്ടനാട്ടെ കായൽ നിലങ്ങൾക്കും നൽകേണ്ട പമ്പിംഗ് സബ്സിഡി 28-2-1986 വരെ ഓരോ സ്ഥലത്തും എത്ര സംഖ്യ വീതം കൊടുത്തുതീർക്കാതെ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1984-85-ൽ രണ്ടാം വിളയ്ക്ക് അനുവദിച്ച സബ്സിഡി മേൽ പറഞ്ഞ ഓരോ സ്ഥലത്തും എത്ര കുടിശ്ശികയുണ്ട് ?

ഉത്തരം

(എ) തൃശ്ശൂർ കോഴനിലങ്ങളിൽ 90.74 ലക്ഷം രൂപയും കുട്ടനാടൻ നിലങ്ങളിൽ 116 ലക്ഷം രൂപയും കുടിശ്ശികയായിട്ടുണ്ട്.

(ബി) തൃശ്ശൂർ കോഴനിലങ്ങളിൽ 6.87 ലക്ഷം രൂപയും കുട്ടനാടൻ നിലങ്ങളിൽ 50 ലക്ഷം രൂപയും കുടിശ്ശികയുണ്ട്.

വെള്ളാട്–ആശാൻകവല–കുടിയാൻമല റോഡിന്റെ പണി

143. [196] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടി സ്റ്റേറ്റ് കാഷ്യു പ്രോജക്ട് സ്കീമിൽ കണ്ണൂർ ജില്ലയിൽ വെള്ളാട്-ആശാൻകവല-കുടിയാൻമല റോഡ് പണിയാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് എത്ര കോടിയാണ് ;

(സി) ഇതിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) ലോകബാങ്കിന്റെ അനുമതി ലഭിക്കാനായി കേന്ദ്രസർക്കാരിലേക്ക് എഴുതിയിട്ടുണ്ട്.

(ബി) ഉദ്ദേശം എട്ടു ലക്ഷം രൂപ വരും. വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(സി) ലോകബാങ്കിന്റെ അനുമതി ലഭിച്ചശേഷമേ പണി ആരംഭിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly